8. ഹൈസ്കൂൾതലം മുതൽ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മോട്ടോർ തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് 300 രൂപ മുതൽ 4,500 രൂപ വരെയുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നുണ്ട്. കൂടാതെ, വീട് വയ്ക്കുന്നതിനും പെൺമക്കളുടെ വിവാഹത്തിനും എൽ.ഐ.സി. പോളിസിക്ക് പ്രീമിയം അടയ്ക്കുന്നതിനും തൊഴിൽരഹിതനായിരിക്കുമ്പോഴും വായ്പ നൽകാറുണ്ട്.

തോട്ടങ്ങളിലെ തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങളും മറ്റ് ക്ഷേമ പദ്ധതികളും

67 (4123) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിലെ പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരാത്ത തോട്ടങ്ങളിലെ തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങളും മറ്റ് ക്ഷേമപദ്ധതികളും ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെങ്കിലും നിയമ നിർമ്മാണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ബി) ഈ ക്ഷേമനിധി നിയമം എന്ന് മുതലാണ് നിലവിൽ വന്നത് ;

(സി) ഇതിലേക്കുള്ള ക്ഷേമനിധി ബോർഡും ക്ഷേമനിധി ഫണ്ടും രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഇ) ഉണ്ടെങ്കിൽ ഇതിൽ എത്ര ചെറുകിട തോട്ടം തൊഴിലാളികളെ അംഗങ്ങളാക്കിയിട്ടുണ്ട് ;

(എഫ്) ബോർഡിന്റെ ആസ്ഥാനം എവിടെയാണ് ;

(ജി) ഇതനുസരിച്ച് ഉണ്ടാക്കിയ സ്കീമിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പരാമർശ ആനുകൂല്യങ്ങളും മറ്റു ക്ഷേമനടപടികളും അനുവദിക്കുന്നതിനായി 2008-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്ട് പാസ്സാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ പദ്ധതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്ട് 2008 ഏപ്രിൽ 1-ന് പ്രാബല്യത്തിൽ വന്നു.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2010 ജൂൺ 30 വരെ 2183 തൊഴിലാളികളും 879 സ്വയം തൊഴിൽ ചെയ്യുന്നവരും ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്.

(എഫ്) കോട്ടയം

(ജി) പദ്ധതിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

ആർട്ട് വർക്ക് ചെയ്യുന്നവർക്ക് ക്ഷേമനിധി

68 (4124) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർട്ട്വർക്ക് ചെയ്തുവരുന്ന ചിത്രകാരന്മാർ, ശില്പികൾ, ചുമരെഴുത്തുകാർ, പെയിന്റർമാർ തുടങ്ങിയ വിഭാഗം തൊഴിലാളികൾക്ക് എന്തെങ്കിലും ക്ഷേമനിധികളും പെൻഷനും നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ക്യാൻവാസിൽ ഓയിൽ പെയിന്റുകൊണ്ട് ചിത്രമെഴുതുന്നവർ, വാട്ടർ കളർ, പോസ്റ്റർ കളർ എന്നിവ ഉപയോഗിച്ച് ചിത്രം വരയ്ക്കുന്നവർ, ചുവർ പരസ്യകല, വാണിജ്യ പരസ്യരംഗത്ത് പെയിന്റ് ചെയ്തും ചിത്രങ്ങൾ വരച്ചും അക്ഷരങ്ങൾ എഴുതിയും തുണിയിൽ ബാനർ എഴുതിയും ഉപജീവനം നടത്തുന്നവർ തുടങ്ങിയവർക്ക് കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. ടി പദ്ധതിയിൽ അംഗങ്ങളായി 10 വർഷം അംശയമടച്ച് റിട്ടയർമെന്റ് ആനുകൂല്യം കൈപ്പറ്റിയ എല്ലാ അംഗങ്ങൾക്കും കേരള അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീം-2008 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലേബർ കമ്മീഷണർ മുഖേന പെൻഷൻ നൽകി വരുന്നുണ്ട്.

രാത്രി ഷിഫ്റ്റിൽ ജോലിയെടുക്കുന്ന സ്ത്രീകൾ

69 (4125) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ ശാലകളിൽ രാത്രി ഷിഫ്റ്റിൽ ടെക്നീഷ്യന്മാരായി എത്ര സ്ത്രീകൾ ജോലിയെടുക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ-അർദ്ധ സർക്കാർ വ്യവസായ ശാലകളിൽ എത്ര സ്ത്രീകൾ പുരുഷന് തുല്യം രാത്രി ഷിഫ്റ്റിൽ ജോലിയെടുക്കുന്നു ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly